**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2127** **01-09-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിലെ കായിക അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ആരംഭിച്ച കൊല്ലം, മഞ്ചേരി, കോന്നി, കാസർഗോഡ്, പാലക്കാട്, ഇടുക്കി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കായിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കൊല്ലം, കോന്നി, കാസർഗോഡ്, ഇടുക്കി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കായിക അദ്ധ്യാപക തസ്തിക ഇതേവരെ സൃഷ്ടിച്ചിട്ടില്ല. പ്രസ്തുത കോളേജുകളിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.<br><br>മഞ്ചേരി മെഡിക്കൽ കോളേജിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ പട്ടിക ജാതി - പട്ടിക വർഗ്ഗ വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിൽ കായികാദ്ധ്യാപക തസ്തിക ഇതേവരെ സൃഷ്ടിച്ചിട്ടില്ലെന്ന് ടി വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ